# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ദേശീയ ഉപജീവന ദൗത്യം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 430 — 16-05-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി**<br>**ശ്രീ. രാജു എബ്രഹാം**<br>**ശ്രീ. പി. ഉണ്ണി**<br>**ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ ഉപജീവന ദൗത്യത്തിന്റെ കീഴിൽ ഗ്രാമ നഗര പ്രദേശങ്ങളിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; | (എ) | ദേശീയ ഉപജീവന ദൗത്യത്തിന്റെ കീഴിൽ നഗര പ്രദേശങ്ങളിൽ ദേശീയ നഗര ഉപജീവന മിഷൻ പദ്ധതിയും ഗ്രാമ പ്രദേശങ്ങളിൽ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിയും നടപ്പിലാക്കി വരുന്നു. ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഘടക പദ്ധതികളായി (1) കാർഷിക മേഖലയിൽ സ്ത്രീ പങ്കാളിത്തത്തോടെ സ്ത്രീ ശാക്തീകരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി "മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എംകെഎസ്പി)" പദ്ധതിയും, (2) ഗ്രാമീണ മേഖലയിലെ ദരിദ്ര കുടുംബത്തിൽപ്പെട്ട യുവതി-യുവാക്കൾക്ക് സൗജന്യ തൊഴിൽ പരിസീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്ന "ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ)" യും നടപ്പിലാക്കി വരുന്നു. |
| (ബി) | സ്ഥായിയായ ഉപജീവനമാർഗ്ഗത്തിനും തൊഴിൽ വൈദഗ്ദ്ധ്യം നേടുന്നതിനും ഈ പദ്ധതികൾ പ്രയോജനപ്രദമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) | ഉണ്ട്. ദാരിദ്ര്യ ലഘൂകരണത്തിനും സ്ഥായിയായ ഉപജീവന മാർഗ്ഗത്തിനും സ്വയം തൊഴിൽ അല്ലെങ്കിൽ ആവശ്യമായ വൈദഗ്ധ്യ/നൈപുണ്യ പരിശീലനം നൽകി വേതനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കുന്നതിനുള്ള സഹായം ഈ പദ്ധതികളിലൂടെ ലഭ്യമാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ 93 നഗരസഭകളിലും നടപ്പിലാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ ഭാഗമായി താല്പര്യമുള്ള തൊഴിലന്വേഷകർക്ക്, ആവശ്യമായ പരിശീലനം നൽകി, കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള സർട്ടിഫിക്കറ്റും, 70% പേർക്ക് ജോലിയും നൽകുന്നു. കൂടാതെ സ്വയംതൊഴിൽ ചെയ്യുന്നതിന് അവരെ പ്രാപ്തരാക്കുന്ന പരിശീലനവും നൽകി വരുന്നു. വ്യക്തിപരമായും ഗ്രൂപ്പായും സംരംഭങ്ങൾ തുടങ്ങുന്നവർക്ക് പലിശ നിരക്ക് കുറച്ച് വായ്പ തരപ്പെടുത്തി നൽകുന്നു. കൂടാതെ തെരുവ് കച്ചവടക്കാർക്ക് ആവശ്യമായ സംരക്ഷണം നൽകുന്നതിനും തെരുവോരത്ത് അന്തിയുറങ്ങുന്നവർക്ക് അഭയകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.<br><br>ദേശീയ ഗ്രാമീണ ഉപജീവന മിഷൻ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ കീഴിൽ ഉപജീവനുമായി ബന്ധപ്പെട്ട് സംരംഭകർക്കുള്ള വിദഗ്ദ്ധ പരിശീലനവും സംരംഭ വികസനത്തിന് ആവശ്യമായ വായ്പകളുമാണ് പ്രധാനമായും നൽകുന്നത്. ഗ്രാമീണ മേഖലയിലെ ദരിദ്ര കുടുംബങ്ങളിൽപ്പെട്ട യുവതി-യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതാണ് എൻആർഎൽഎം പദ്ധതിയുടെ കീഴിലുള്ള ഡിഡിയുജികെവൈ പദ്ധതിയിൽ പ്രധാനമായും നടപ്പിലാക്കുന്നത്. മറ്റൊരു ഉപഘടകമായ എം.കെ.എസ്.പി കാർഷിക മേഖലയിൽ സ്ത്രീപങ്കാളിത്തത്തിലൂടെ സ്ത്രീ ശാക്തീകരണം ലക്ഷ്യം വയ്ക്കുന്നു. |
| (സി) | പദ്ധതി നിർവ്വഹണത്തിൽ സ്വയം സഹായ സംഘങ്ങളുടെ പങ്കും അവയുടെ രൂപീകരണം, ധന സ്രോതസ്സ് എന്നിവയും വ്യക്തമാക്കാമോ? | (സി) | ദേശീയ ഉപജീവന പദ്ധതിയുടെ ഭാഗമായി നഗരദരിദ്രരുടെ ഇടയിൽ അയൽക്കൂട്ടങ്ങൾ/സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുന്നു. അവർക്കാവശ്യമായ കാര്യശേഷി വികസനവും പരിശീലനവും ലഭ്യമാക്കുന്നതിന് അയൽക്കൂട്ടങ്ങൾക്കും |

| | | | |
|---|---|---|---|
| | | | അവയുടെ ഫെഡറേഷനുകൾക്കും നിർണായകമായ പങ്കുണ്ട് നഗര/ഗ്രാമ ദരിദ്രരുടെ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിന് അയൽക്കൂട്ടത്തിൽ ഉൾപ്പെടാത്ത വനിതകളുടെ എണ്ണം തിട്ടപ്പെടുത്തി സാധ്യതയുള്ള വാർഡുകളിൽ പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നത് കുടുംബശ്രീ സിഡിഎസ്സുകളാണ്. അയൽക്കൂട്ട രൂപീകരണത്തിനും അവയെ ശക്തിപ്പെടുത്തുന്നതിനും നഗര മേഖലയിൽ 24 മാസം തുടർസഹായം ലഭ്യമാക്കുന്നതിനും കുടുംബശ്രീ സിഡിഎസ്സിനെ റിസോഴ്സ് ഓർഗനൈസേഷനായി പരിഗണിച്ച് അയൽക്കൂട്ടം ഒന്നിന് 10,000/- രൂപ വീതം നൽകുന്നുണ്ട്. അയൽക്കൂട്ടങ്ങൾ ടി തുക തങ്ങളുടെ ആന്തരീക വായ്പയിലേയ്ക്കുള്ള ധനസഹായമായി മുതൽക്കൂട്ടുന്നു. കൂടാതെ എഡിഎസ്സിന് 50,000/- രൂപ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിനും അവരുടെ ഉപജീവനത്തിന് ആവശ്യമായ മൂലധനം ലഭ്യമാക്കുന്നതിനും റിവോൾവിംഗ് ഫണ്ടായി നൽകുന്നുണ്ട്. ഈ പദ്ധതിയുടെ ധനസ്രോതസ്സ് കേന്ദ്ര-സംസ്ഥാന സർക്കാർ ഫണ്ടുകളാണ്. 60% തുക കേന്ദ്ര സർക്കാരും 40% തുക സംസ്ഥാന സർക്കാരും വകയിരുത്തുന്നു. |

**സെക്ഷൻ ഓഫീസർ**